## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** 16-09-2025 - ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. സംവിധാനത്തിന്റെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട ഏറ്റവുമധികം ജീവനക്കാരുള്ള പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. സിസ്റ്റം നവീകരിച്ചു ഗയിൻ പി.എഫ്. എന്ന പുതിയ പ്ലാറ്റ്ഫോമിൽ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (കെ.പി.ഇ. പി.എഫ്) നവീകരിച്ച് ഗയിൻ പി.എഫ് (GAINPF) എന്ന പുതിയ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ എൻ.ഐ.സി സ്വീകരിക്കുകയും, അതിൻ പ്രകാരം ഗയിൻ പി.എഫ് എന്ന പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളതും അതിന്റെ ട്രയൽ വെർഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണ്.<br><br>ഗയിൻ പി.എഫ് - സോഫ്റ്റ് വെയറിലേക്ക് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ വിവരം ശേഖരിച്ചത് ജി.സ്പാർക്കിൽ നിന്നുമായിരുന്നു. എന്നാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയങ്ങൾ, ബ്ലോക്ക് പഞ്ചായത്തുകൾ, എൽ.എസ്.ജി. ഡി. എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിലും, ഡെപ്യൂട്ടേഷനുകളിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടേയും വിവരങ്ങൾ സ്പാർക്കിലായതിനാൽ കേരള പഞ്ചായത്ത് എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ടിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ മേൽ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെ.പി.ഇ.പി.എഫ് ൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ ശേഖരിക്കുന്നതിനായി ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കി എൻ.ഐ.സി-ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. | (ബി) | തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും പീരിയോഡിക്കൽസ് (ട്രഷറി ചെല്ലാനുകളും, |

| | | | |
|---|---|---|---|
| | വിഹിതം അപ്ഡേറ്റ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണം മതിയായ ജീവനക്കാരുടെ അഭാവമാണോ; ഇക്കാര്യം അടിയന്തരമായി പരിശോധിക്കുമോ; | | ബില്ലുകളും, വൗച്ചറുകളും) ലഭ്യമാക്കുമെങ്കിലും, അതിനോടൊപ്പം ലഭ്യമാക്കേണ്ട DT RECEIPT REPORT, DT DAYBOOK PAYMENT REPORT, ജില്ലാ ട്രഷറിയിൽ അടവു വരുത്തുന്ന കാര്യാലയങ്ങളുടെ (സ്പാർക്ക് മുഖേന അടവ് വരുത്തുന്ന ജീവനക്കാരുടെ വിവരം കൂടി ഉൾപ്പെട്ട) DETAILED RECEIPT REPORT എന്നിവ ലഭ്യമാക്കാത്തതിനാലാണ് തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. വിഹിതം അപ്ഡേറ്റ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നത്. മേൽ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് തുടർച്ചയായി കത്ത് നൽകിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കുന്നതിന് നിലവിൽ കാലത്താമസം നേരിടുന്നുണ്ട്. |
| (സി) | ഗയിൻ പി.എഫ്. എന്ന പുതിയ പി.എഫ്. പ്ലാറ്റ്ഫോം പൂർണ്ണസജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനം നിലവിൽ വരുമ്പോൾ ജീവനക്കാർക്ക് അത് മുഖേന ലഭിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ കെ. പി.ഇ.പി.എഫ് പി.എഫ്. നവീകരിച്ച് ഗയിൻ പി.എഫ് എന്ന പുതിയ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ എൻ.ഐ.സി സ്വീകരിച്ചിട്ടുള്ളതും ആയത് പ്രകാരം ഗയിൻ പി.എഫ് - സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ ട്രയൽ വെർഷൻ ലഭ്യമാക്കിട്ടുള്ളതുമാണ്.<br><br>കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ മേൽ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതിനാൽ മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയത് എൻ.ഐ.സി-ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.<br><br>ഗയിൻ പിഎഫ് നിലവിൽ വരുമ്പോൾ കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരുടേയും അടവ് വിവരവും, പിൻവലിക്കൽ വിവരവും നിലവിൽ ചെയ്തു വരുന്നത് പോലെ മാന്യുവൽ ആയി ചെയ്യേണ്ടി വരുന്നില്ല. ട്രഷറിയിൽ അടവ് വരുത്തുമ്പോഴും, പിൻവലിക്കുമ്പോഴും ഉണ്ടാകുന്ന ഹെഡ് ഓഫ് അക്കൗണ്ട് മാറിപ്പോകുന്ന പിഴവ് ഇതുമൂലം ഒഴിവാകുന്നതും, ജീവനക്കാർക്ക് അംഗത്വം എടുക്കുന്നതിനും, താത്കാലികവായ്പ, തിരിച്ചടക്കേണ്ടതില്ലാത്ത വായ്പ, അക്കൗണ്ട് തീർപ്പാക്കൽ എന്നിവ ഓൺലൈനാകുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | പ്രോവിഡൻറ് ഫണ്ട് സംബന്ധിച്ച സേവനങ്ങൾ കൂടുതൽ കൃത്യതയോടും, കാര്യക്ഷമമായും ജീവനക്കാർക്ക് യഥാസമയം തന്നെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ